# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

2017 മെയ് 03, ബുധൻ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| മുഖ്യമന്ത്രി |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി |

### നവകേരള മിഷൻ പദ്ധതിയിലൂടെ ജലാശയശുചീകരണം

*151. ശ്രീ.റോഷി അഗസ്റ്റിൻ

,, മോൻസ് ജോസഫ്

,, സി.എഫ്.തോമസ്

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലിനീകരണ പ്രശ്നം ഉളവാക്കുന്ന ജലാശയങ്ങളിലുള്ള പോള നീക്കം ചെയ്ത് ജലാശയം ശുചീകരിക്കുന്ന പ്രൊപ്പോസലിന് നവകേരള മിഷൻ പദ്ധതിയിൽപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ജലാശയങ്ങളിലെ പോള നീക്കം ചെയ്യുന്നതിന് യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനും കുടുംബശ്രീയുടെ സേവനം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ജല ദൗർലഭ്യം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ ഇപ്രകാരം ജലാശയം ശുചീകരിക്കുന്നതുമൂലം കുടിവെള്ളം ഒഴിച്ചുള്ള മറ്റു ദൈനംദിന ആവശ്യങ്ങൾക്ക് പ്രസ്തുത ജലാശയങ്ങളെ ഉപയോഗപ്പെടുത്താമെന്നുള്ളതുകൊണ്ട് ഈ പദ്ധതി അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

### പൊതു ആരോഗ്യ സംവിധാനം

*152. ശ്രീ.റ്റി.വി.രാജേഷ്

,, കെ.വി.വിജയദാസ്

,, പി.വി. അൻവർ

,, കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാനിംഗ് ബോർഡ് നിരീക്ഷിച്ചിരുന്നതുപോലെ സംസ്ഥാനത്തെ സ്വകാര്യ മേഖലയുടെ ആധിപത്യവും ഉയർന്ന ചികിത്സച്ചെലവും കാരണം കേരളത്തിലെ പന്ത്രണ്ട് ശതമാനം ഗ്രാമവാസികളും എട്ട് ശതമാനം നഗരവാസികളും ദാരിദ്ര്യ രേഖയ്ക്ക് താഴെയാകുന്ന സ്ഥിതിവിശേഷം അവസാനിപ്പിക്കാനായി ആരോഗ്യമേഖലയിൽ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണ്;

(ബി) പൊതു ആരോഗ്യസംവിധാനം ശാക്തീകരിക്കുന്നതോടൊപ്പം സ്വകാര്യമേഖലയിലെ അമിത ചികിത്സച്ചെലവ് നിയന്ത്രിക്കാൻ നടപടിയുണ്ടാകുമോ;

(സി) ആരോഗ്യപരിരക്ഷ ജനങ്ങളുടെ അവകാശമാക്കി മാറ്റുമെന്ന നിലപാടിനനുസൃതമായി ബൃഹദ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>കസ്തൂരി രംഗൻ റിപ്പോർട്ട്</u>

*153. ശ്രീ.ജോർജ് എം. തോമസ്

,, രാജു എബ്രഹാം

,, എസ്.രാജേന്ദ്രൻ

,, ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.പി.എ. സർക്കാരിന്റെ കാലഘട്ടത്തിൽ കസ്തൂരി രംഗൻ റിപ്പോർട്ടിനെ ആധാരമാക്കി കേരളത്തിലെ 123 വില്ലേജുകളെ പരിസ്ഥിതിലോല മേഖലയായി വിജ്ഞാപനം ചെയ്ത് മലയോരമേഖലയിലെ ജനങ്ങളെ ദുരിതത്തിലാക്കിയ നടപടി തിരുത്തിക്കാനായി ഈ സർക്കാർ നടത്തിയ ഇടപെടലുകൾ അറിയിക്കാമോ;

(ബി) ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ട് അന്തിമ വിജ്ഞാപനം ഇറക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം അവഗണിച്ചുകൊണ്ട് കേന്ദ്രസർക്കാർ കരട് വിജ്ഞാപനം വീണ്ടും പുറപ്പെടുവിച്ചതുമൂലം ജനങ്ങൾക്കുണ്ടായ ആശങ്ക കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്താൻ നടപടിയെടുക്കുമോ;

(സി) ഇ.എസ്.എ. മേഖല വനഭൂമിയിൽ മാത്രം പരിമിതപ്പെടുത്തണമെന്ന സംസ്ഥാന സർക്കാർ നിലപാട് കേന്ദ്ര സർക്കാരിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ ശ്രമം ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

<u>കൊച്ചി മെട്രോ റെയിലിന്റെ രണ്ടാം ഘട്ട വികസനം</u>

*154. ശ്രീ.മുല്ലക്കര രത്നാകരൻ

ശ്രീമതി ഗീതാ ഗോപി

ശ്രീ.വി.ആർ. സുനിൽ കുമാർ

,, മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിലിന്റെ രണ്ടാം ഘട്ട വികസനത്തിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കലൂർ-കാക്കനാട് ഇൻഫോപാർക്ക് ലൈൻ എത്ര കിലോമീറ്റർ ദൈർഘ്യം വരുന്നതാണെന്നും എത്ര സ്റ്റേഷനുകൾ ഉള്ളതാണെന്നും അറിയിക്കുമോ;

(സി) പ്രസ്തുത ലൈനിന് വേണ്ടി വരുന്ന ചെലവ് എത്രയാണെന്നും ആയത് പങ്കിടുന്നതിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ?

<u>തൊഴിൽ ചൂഷണവും റിക്രൂട്ട്മെന്റ് തട്ടിപ്പും തടയാൻ നോർക്കയുടെ ഇടപെടലുകൾ</u>

*155. ശ്രീ.ആന്റണി ജോൺ

,, കെ. ദാസൻ

,, എം. നൗഷാദ്

,, പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് മേഖലയിലെ സാമ്പത്തിക മാന്ദ്യവും സ്വദേശിവത്ക്കരണവും കാരണം അവിദഗ്ധ തൊഴിലാളികളുടെ തൊഴിൽ സാധ്യത കുറഞ്ഞുവരുന്നത് തൊഴിൽ ചൂഷണത്തിനും റിക്രൂട്ട്മെന്റ് തട്ടിപ്പിനും കാരണമാകുന്നത് ഒഴിവാക്കാനായി നോർക്ക ഏത് തരത്തിൽ ഇടപെടുമെന്ന് അറിയിക്കാമോ;

(ബി) നോർക്ക റൂട്ട്സ് വഴിയുള്ള റിക്രൂട്ട്മെന്റ് എത്രമാത്രം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) അവിദഗ്ധ തൊഴിലാളികളുടെ റിക്രൂട്ട്മെന്റിനും റിക്രൂട്ട്മെന്റ് ഏജൻസികളുടെ ചൂഷണം തടയുന്നതിനും തൊഴിലന്വേഷകർക്കുള്ള വൈദഗ്ധ്യ വികസനത്തിനും നോർക്ക നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ?

<u>ഭക്ഷ്യധാന്യങ്ങളുടെ വിലക്കയറ്റം</u>

*156. ശ്രീ.ഡി.കെ. മുരളി

,, ജെയിംസ് മാത്യു

,, യു. ആർ. പ്രദീപ്

,, കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണേന്ത്യയിൽ ആകെയുണ്ടായ വരൾച്ച, സംസ്ഥാനത്തെ ഭക്ഷ്യധാന്യ ലഭ്യതയെ പ്രതികൂലമായി ബാധിക്കുകയും വിലക്കയറ്റത്തിനിടയാക്കുകയും ചെയ്തത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) അമിത വിലക്കയറ്റത്തിന് കാരണക്കാരായ അരി ലോബിയുടെ ശ്രമം പരാജയപ്പെടുത്തി, മറ്റു സംസ്ഥാനങ്ങളിൽ നിന്നും അരി എത്തിച്ച് അരിക്കടകൾ വഴി വിതരണം ചെയ്യുന്ന പദ്ധതി ഫലപ്രദമായി നടക്കുന്നുണ്ടോ;

(സി) അരിക്ഷാമം നേരിട്ടുമ്പോഴും കേന്ദ്ര സർക്കാർ അരി കയറ്റുമതി നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് രാജ്യത്തെ കമ്പോള വിലയെ ബാധിക്കുന്നതിന് കാരണമായിട്ടുണ്ടോ എന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടിയിൽ നിന്നും പിൻതിരിയാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

<u>കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം</u>

*157. ശ്രീ.കെ.സുരേഷ് കുറുപ്പ്

,, ഇ.പി.ജയരാജൻ

,, എസ്.ശർമ്മ

,, പി.കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ട്, എച്ച്.ഒ.സി, ബി.ഇ.എം.എൽ, എച്ച്.എൻ.എൽ തുടങ്ങിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാണെന്ന പേരിലും കൊച്ചിൻ കപ്പൽ നിർമ്മാണശാല ലാഭത്തിലായതിനാലും സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കത്തിൽ നിന്നും പിന്തിരിയണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കവുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോകുകയാണെങ്കിൽ ഈ സ്ഥാപനങ്ങളുടെ അധീനതയിലുള്ള അമൂല്യമായ ഭൂസ്വത്ത് സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് ഉപയുക്തമാക്കാനായി തിരികെ കൈമാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) പൊതു ആസ്തികൾ തുച്ഛമായ വിലക്ക് വിറ്റഴിച്ച്, അതിന് മറയായി 'മേക്ക് ഇൻ ഇന്ത്യ ' തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തുന്നവരുടെ ദേശദ്രോഹ നടപടികൾ ജനങ്ങളുടെ മുമ്പാകെ തുറന്നുകാട്ടാൻ സർക്കാർ മുൻകയ്യെടുക്കുമോ?

<u>കേരള ജനറിക് മരുന്ന് വിതരണ ശൃംഖല</u>

*158. ശ്രീ.വി.പി.സജീന്ദ്രൻ

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, അൻവർ സാദത്ത്

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജനറിക് മരുന്ന് വിതരണ ശൃംഖല ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പദ്ധതി ആരംഭിക്കുന്നത്;

(സി) എത്രശതമാനം വിലക്കുറവിൽ കേരള ജനറിക് മരുന്നുകൾ വിൽക്കുവാനാണ് ഉദ്ദേശിക്കുന്നത്?

## വാതിൽപ്പടി വിതരണത്തിനുള്ള നടപടിക്രമങ്ങൾ

*159. ശ്രീ.കെ.സി.ജോസഫ്

,, എ.പി. അനിൽ കുമാർ

,, അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമത്തിന്റെ അടിസ്ഥാനത്തിൽ റേഷൻ സാധനങ്ങളുടെ വാതിൽപടി വിതരണത്തിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) വാതിൽപടി വിതരണക്കാരോട്, റേഷൻ സാധനങ്ങൾ കടയിലെത്തിക്കുന്നതിനുള്ള കിലോമീറ്റർ നിരക്കാണോ ദർഘാസിൽ രേഖപ്പെടുത്തുവാൻ ആവശ്യപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) റേഷൻ സാധനങ്ങൾ വാഹനങ്ങളിൽ കയറ്റുന്നതിനും റേഷൻകടകളിൽ ഇറക്കുന്നതിനുമുള്ള കൂലി ആരാണ് വഹിക്കേണ്ടത്; ഇക്കാര്യത്തിൽ വ്യക്തത വരുത്തിയിട്ടുണ്ടോ;

(ഡി) മേല്പറഞ്ഞ കാര്യത്തിൽ സർക്കാരിന് എത്ര അധികബാധ്യത ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

## കാൻസർ പ്രതിരോധ പ്രവർത്തനങ്ങൾ

*160. ശ്രീ.എസ്.രാജേന്ദ്രൻ

,, ജോർജ് എം. തോമസ്

,, ഐ.ബി. സതീഷ്

,, കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ ബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രാരംഭഘട്ടത്തിൽ നിർണ്ണയിക്കപ്പെട്ടാൽ ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കുന്ന വദനാർബുദം, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവ പ്രാരംഭഘട്ടത്തിൽതന്നെ പരിശോധിച്ച് കണ്ടെത്തുന്നതിന് നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളത്;

(സി) ഇതു സംബന്ധിച്ച് എന്തെല്ലാം പ്രചരണ പരിപാടികളും ബോധവത്കരണ പരിപാടികളുമാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാൻസർ സെന്ററുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

## സെക്രട്ടേറിയറ്റിലെ ഇ-ഫയൽ സംവിധാനം

*161. ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്

,, ടി.എ.അഹമ്മദ് കബീർ

ഡോ.എം. കെ. മുനീർ

ശ്രീ.ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിയ ഇ-ഫയൽ സംവിധാനം കാര്യക്ഷമമല്ലെന്ന പരാതി ശ്രദ്ധയിൽവന്നിട്ടുണ്ടോ; പ്രസ്തുത സംവിധാനം പരിഷ്ക്കരിച്ച് കുറ്റമറ്റതാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സംവിധാനം മണിക്കൂറുകളോളം പ്രവർത്തിക്കാത്ത സന്ദർഭങ്ങളിൽ ഉദ്യോഗസ്ഥർ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) ഫയൽ സംബന്ധിച്ച് അന്വേഷണവുമായി എത്തുന്ന പൊതുജനങ്ങളുൾപ്പെടെയുള്ളവർ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുമോയെന്ന് വിശദമാക്കുമോ?

<u>യു.എ.പി.എ. ആക്ടിലെ നിബന്ധനകളും നടപടിക്രമങ്ങളും പാലിക്കാതെ കേസ് രജിസ്റ്റർ ചെയ്ത സംഭവങ്ങൾ</u>

*162. ശ്രീ.സി.മമ്മൂട്ടി

,, പാറക്കൽ അബ്ദുല്ല

,, എൻ .എ.നെല്ലിക്കുന്ന്

,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ യു.എ.പി.എ. (Unlawful Activities (Prevention)Act )-ലെ വ്യവസ്ഥകൾ ബാധകമാക്കുന്നതിനുള്ള നിബന്ധനകളും നടപടിക്രമങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം നിബന്ധനകളും നടപടിക്രമങ്ങളും പാലിക്കാതെ പോലീസ് ഈ നിയമവ്യവസ്ഥകൾ കൂടി ചേർത്ത് കേസ് രജിസ്റ്റർ ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ ഈ വീഴ്ച കണ്ടെത്താനിടയാക്കിയ സാഹചര്യം വിശദമാക്കുമോ; വീഴ്ച വരുത്തിയവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>സ്ത്രീ-പുരുഷ സമത്വത്തിനും സ്ത്രീ ശാക്തീകരണത്തിനുമായുള്ള നയം</u>

*163. ശ്രീമതി.വീണാ ജോർജ്ജ്

ശ്രീ.എം. മുകേഷ്

ശ്രീമതി യു. പ്രതിഭ ഹരി

ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ-പുരുഷ സമത്വത്തിനും സ്ത്രീ ശാക്തീകരണത്തിനുമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നയം (ജീവ്) എത്ര മാത്രം പ്രാവർത്തികമായിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) സംസ്ഥാന സർക്കാർ സ്ത്രീ സൗഹൃദ പദ്ധതികൾ ഉൾക്കൊള്ളുന്ന ബജറ്റ് അവതരിപ്പിച്ച് മാതൃകാപരമായ ചുവടുവയ്പുകൾ നടത്തുമ്പോൾ കേന്ദ്രസർക്കാർ വനിതാ സംവരണ ബിൽ പാസ്സാക്കാതെ ഒഴിവാകുന്നത് തിരുത്താൻ ആവശ്യപ്പെടുമോ;

(ഡി) പാഠ്യ പദ്ധതിയിൽ സ്ത്രീ പുരുഷ സമത്വ ആശയങ്ങൾ ഉൾപ്പെടുത്താൻ വേണ്ട നിർദ്ദേശം നൽകുമോ?

## സംസ്ഥാന ഐ.ടി. നയം

*164. ശ്രീ.വി.ആർ. സുനിൽ കുമാർ
,, മുല്ലക്കര രത്നാകരൻ
,, ആർ. രാമചന്ദ്രൻ
,, ഇ.ടി. ടൈസൺ മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഐ.ടി. നയം പ്രഖ്യാപിക്കുകയുണ്ടായോ; എങ്കിൽ നയത്തിൽ ഊന്നൽ നല്കുന്ന മേഖലകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഡിജിറ്റൽ സാങ്കേതിക വിദ്യയെ സംസ്ഥാന വികസനത്തിന് ഏതൊക്കെ തരത്തിൽ ഉപയോഗപ്പെടുത്താനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാരിന്റെ എല്ലാ സംവിധാനങ്ങളും ആധാർ നമ്പറുമായി ബന്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വിവിധ ടെക്നോളജി പാർക്കുകൾ എന്ന രീതി മാറ്റി കേരള ഐ.ടി.യ്ക്ക് ഒറ്റ ബ്രാന്റ് എന്നുള്ളത് നടപ്പിലാക്കുമോ?

## ഹരിതകേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

*165. ശ്രീ.എൽദോസ് കുന്നപ്പിള്ളി
,, കെ.സി.ജോസഫ്
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) എതെല്ലാം മേഖലകൾക്കാണ് പ്രസ്തുത പദ്ധതി ഊന്നൽ നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനം എങ്ങനെ സാദ്ധ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## പൊതുജനാരോഗ്യ മേഖല ശക്തിപ്പെടുത്താനുള്ള നടപടികൾ

*166. ശ്രീ.ബി.സത്യൻ

,, വി. കെ. സി. മമ്മത് കോയ

,, കെ.കുഞ്ഞിരാമൻ

,, മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പൊതുജനാരോഗ്യമേഖലയിൽ വിശേഷിച്ച് പ്രാഥമിക-ദ്വിതീയതലങ്ങളിൽ ഇടപെടൽ അപര്യാപ്തമായിരുന്നെന്ന ആക്ഷേപം പരിശോധിച്ചിരുന്നോ;

(ബി) പൊതുജനാരോഗ്യമേഖല ദുർബലമായതിന്റെ ഫലമായി താഴ്ന്നവരുമാനക്കാർ ഉൾപ്പെടെയുള്ളവർ അധികമായി സ്വകാര്യമേഖലയെ ആശ്രയിക്കാനിടയാകുകയും സർക്കാർ ആശുപത്രികളെ സമീപിക്കുന്നത് രോഗികളിൽ മൂന്നിലൊന്ന് മാത്രമായി തീരുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ പൊതുജനാരോഗ്യമേഖല ശക്തിപ്പെടുത്താനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ആയുർ ദൈർഘ്യം കൊണ്ടും ജീവിതശൈലി കൊണ്ടും രോഗാതുരത അധികമായിരിക്കുന്ന സാഹചര്യത്തിൽ സ്വകാര്യ മേഖലയിലെ അമിത ചികിത്സാ നിരക്കുകൊണ്ട് രോഗികൾ കടക്കെണിയിലാകുന്നത് പരിഹരിക്കാനായി സർക്കാർ ആശുപത്രികളുടെ ചികിത്സാ നിലവാരം വർദ്ധിപ്പിക്കാനും സുഗമമായി ചികിത്സ ലഭിക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിരിക്കുന്ന പരിപാടിയുടെ വിശദാംശം അറിയിക്കുമോ?

## ജനറിക് മരുന്നുകൾ വില്ക്കാൻ ഔട്ട്‌ലെറ്റുകൾ

*167. ശ്രീ.ഇ.കെ.വിജയൻ

,, സി. ദിവാകരൻ

ശ്രീമതി ഗീതാ ഗോപി

,, സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനറിക് മരുന്നുകൾ വില്ക്കാൻ "കേരള ജനറിക്സ്" എന്നപേരിൽ ഔട്ട്‌ലെറ്റുകൾ തുടങ്ങുന്നതിന് പദ്ധതിയുണ്ടോ;

(ബി) എത്ര ഇനം ജനറിക് മരുന്നുകൾ ലഭ്യമാക്കാനാണ് പദ്ധതിയെന്നും ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഇതിനാവശ്യമായ മരുന്നു സംഭരണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## തീരദേശനിയന്ത്രണ മേഖല

T *168. ശ്രീ.എ. പ്രദീപ്കുമാർ

,, എം. സ്വരാജ്

,, എ.എം. ആരിഫ്

,, കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയിലെ ഉയർന്ന ജനസാന്ദ്രത കണക്കിലെടുത്ത്, ഈ മേഖലയിലെ വികസന നിരോധിത മേഖലയുടെ പരിധിയ്ക്ക് ഇളവു നൽകണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കായലുകളും അഴിമുഖങ്ങളും ഏറെയുള്ള സംസ്ഥാനത്ത്, അശാസ്ത്രീയ നിയന്ത്രണങ്ങൾ കാരണം തീരദേശവാസികൾക്ക് വീട് പണിയുന്നതിനും പുതുക്കിപ്പണിയുന്നതിനും അനുമതി ലഭിക്കാത്തത് ആയിരക്കണക്കിന് കുടുംബങ്ങളെ പ്രതിസന്ധിയിലാക്കിയിരിക്കുന്നത് പരിഹരിക്കാനായി കേന്ദ്രസർക്കാർ ഇടപെടാൻ തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സ്ഥലലഭ്യത തീരെ കുറഞ്ഞ തീരദേശമേഖലയിൽ നിയന്ത്രണം ഏർപ്പെടുത്തിയതിനെത്തുടർന്ന് പ്രതിസന്ധിയിലായവരെ പുനരധിവസിപ്പിക്കാൻ കേന്ദ്രസർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിരുന്നോ; ഈ മേഖലയുടെ സമഗ്രവികസനത്തിനായി സംസ്ഥാനസർക്കാർ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കുമോ?

ഭക്ഷ്യ ഗവേഷണ വികസന കൗൺസിൽ

*169. ശ്രീ.കെ.വി.വിജയദാസ്

,, എസ്.ശർമ്മ

,, മുരളി പെരുനെല്ലി

,, കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഗവേഷണ വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ഭക്ഷ്യ ഗുണനിലവാര നിരീക്ഷണ ലബോറട്ടറി, ഭക്ഷ്യ സംസ്കരണ പരിശീലന കേന്ദ്രം, തദ്ദേശീയ ഭക്ഷ്യസാങ്കേതിക കോളേജ് എന്നിവ സ്ഥാപിച്ചിട്ടുണ്ടോ; ഇവയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) ഭക്ഷ്യ സംസ്കരണ മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്ക് വേണ്ട ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രസ്തുത കൗൺസിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പി.എസ്.സി. പരീക്ഷകളുടെ ഉള്ളടക്കവും ഘടനയും പരിഷ്കരിക്കുന്നതിനുള്ള നടപടി

*170. ശ്രീ.അനിൽ അക്കര

,, വി.ടി.ബൽറാം

,, ഹൈബി ഈഡൻ

,, റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷകളുടെ ഉള്ളടക്കവും ഘടനയും പരിഷ്ക്കരിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വിശദാംശം നൽകുമോ;

(ബി) പരീക്ഷ നടത്തിപ്പിലെ പരിഷ്കരണത്തിന് ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) ഒരേ വിദ്യാഭ്യാസ യോഗ്യതയും, ഒരേ ശമ്പളവുമുള്ള തസ്തികകളിലേക്ക് വിവിധ വകുപ്പുകൾക്കുവേണ്ടി പ്രത്യേകം പ്രത്യേകം പരീക്ഷകൾ നടത്തുന്നതിന് പകരം ഏകീകൃത പരീക്ഷ നടത്തി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്ന കാര്യം ആലോചിക്കുമോ;

(ഡി) മാറുന്ന കാലത്തിനനുസൃതമായി പി.എസ്.സി.യുടെ നടപടിക്രമങ്ങൾ ലഘൂകരിച്ച് റാങ്ക് ലിസ്റ്റുകൾ കാലവിളംബം കൂടാതെ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഇതരസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന മായം കലർന്ന പാൽ</u>

T *171. ശ്രീ.മുരളി പെരുനെല്ലി

,, കെ.വി.വിജയദാസ്

,, ജോർജ് എം. തോമസ്

,, കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാനങ്ങളിൽ നിന്നും മായം കലർന്ന പാൽ സംസ്ഥാനത്ത് വ്യാപകമായി എത്തുന്നുണ്ടെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്ത് ആധുനിക ലബോറട്ടറികൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധന കാര്യക്ഷമമാക്കാൻ നടപടി</u>

*172. ശ്രീ.വി.ടി.ബൽറാം

,, അടൂർ പ്രകാശ്

,, പി.ടി. തോമസ്

,, കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധന കാര്യക്ഷമമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാൽസ്യം കാർബൈഡ് ഉപയോഗിച്ച് പഴുപ്പിച്ച മാമ്പഴവും മായം ചേർന്ന പാലും വിപണിയിൽ സുലഭമാകുന്നത് ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പരിശോധനയുടെ കുറവുകൊണ്ടാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭക്ഷ്യസുരക്ഷാവകുപ്പിനെ ശക്തിപ്പെടുത്തി സംസ്ഥാനത്തെ പ്രമുഖ പച്ചക്കറി മാർക്കറ്റുകളിലും ചെക്ക് പോസ്റ്റുകളിലും നിരന്തര പരിശോധന നടത്തി മായം കലർന്ന ഭക്ഷ്യവസ്തുക്കൾ പിടിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകളുടെ ഗുണനിലവാരം</u>

*173. ശ്രീ.സി. ദിവാകരൻ

,, ജി.എസ്.ജയലാൽ

,, ആർ. രാമചന്ദ്രൻ

,, കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിൽ 2016-17 വർഷത്തിൽ വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ വാങ്ങാൻ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ ഗുണ നിലവാരമുള്ളതാണോയെന്ന് പരിശോധിക്കാൻ ഇവാല്യുവേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെ;

(സി) കഴിഞ്ഞ തവണ വകുപ്പിൽ വാങ്ങിയ വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണോ; ഇല്ലെങ്കിൽ ഇവയുടെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തിയ കമ്മിറ്റിക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും ബോധവൽക്കരണത്തിനും പദ്ധതി</u>

*174. ശ്രീ.എം. നൗഷാദ്

,, എം. സ്വരാജ്

,, സി.കെ. ഹരീന്ദ്രൻ

,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും ഇന്റർനെറ്റ്, ഇ-മെയിൽ തുടങ്ങിയവ സുരക്ഷിതമായി ഉപയോഗിക്കുന്നതു സംബന്ധിച്ചും പൊതുജനങ്ങൾക്കു ബോധവൽക്കരണം നൽകാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സൈബർ ലോകത്തെ ചതിക്കുഴികളെ സംബന്ധിച്ച് സ്കൂൾ - കോളേജ് വിദ്യാർത്ഥികൾക്ക് അവബോധം

നൽകുന്നതിനായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് പ്രസ്തുത ബോധവത്ക്കരണ പദ്ധതികൾ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി പദ്ധതികൾ

*175. ശ്രീ.സണ്ണി ജോസഫ്

,, വി.എസ്.ശിവകുമാർ

,, എൽദോസ് കുന്നപ്പിള്ളി

,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; ഇക്കാര്യത്തിനായി കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഭിന്നശേഷിക്കാർക്കായുള്ള സമഗ്ര ആരോഗ്യ പരിരക്ഷാപദ്ധതികൾക്കായി കേന്ദ്ര സർക്കാരിന്റെ സ്വാവലംബൻ പദ്ധതിയിൽ നിന്നും സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള കേന്ദ്രനിലപാട് വ്യക്തമാക്കുമോ?

ഐ.റ്റി. നയം

*176. ശ്രീ.വി.ഡി.സതീശൻ

,, കെ.മുരളീധരൻ

,, എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഐ.റ്റി. നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഐ.റ്റി. വികസനത്തിനും അഭിവൃദ്ധിക്കുമായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നയം നടപ്പാക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

വെട്ടിക്കുറച്ച റേഷൻ വിഹിതം പുനസ്ഥാപിക്കണമെന്ന ആവശ്യം

*177. ശ്രീ.അനൂപ് ജേക്കബ്

,, അനിൽ അക്കര

,, ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) വെട്ടിക്കുറച്ച റേഷൻ ഭക്ഷ്യധാന്യം പുനസ്ഥാപിക്കണമെന്നുള്ള കേരള സർക്കാരിന്റെ ആവശ്യത്തോട് കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്താണ്; അരി വിഹിതം പുനസ്ഥാപിക്കുമെന്ന പ്രധാനമന്ത്രിയുടെ ഉറപ്പ് പാലിച്ചിട്ടുണ്ടോ;

(ബി) ഉയർന്ന വില നൽകിയാൽ മാത്രമേ രണ്ട് ലക്ഷം മെട്രിക് ടൺ അരി അധികമായി നൽകുവാൻ കഴിയൂ എന്ന കേന്ദ്ര നിർദ്ദേശം റേഷൻ ക്ഷാമത്തിലേക്കും പൊതുവിപണിയിലെ രൂക്ഷമായ വിലക്കയറ്റത്തിനും ഇടയാക്കിയിട്ടുണ്ടോ;

(സി) ഗുരുതരമായ ഈ സാഹചര്യം എപ്രകാരം നേരിടാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

<u>ഹൃദ്രോഗ ചികിത്സക്കുള്ള സ്റ്റെന്റ്</u>

*178. ശ്രീ.അൻവർ സാദത്ത്

,, സണ്ണി ജോസഫ്

,, എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഏജൻസികളെ ഒഴിവാക്കി പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ. ലൈഫ് കെയറിൽ നിന്നും ഹൃദ്രോഗ ചികിത്സക്കുള്ള സ്റ്റെന്റ് വാങ്ങണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) കുറഞ്ഞവിലയ്ക്ക് സ്റ്റെന്റ് നൽകാമെന്ന നിർദ്ദേശം എച്ച്.എൽ.എൽ. ആരോഗ്യവകുപ്പിന് നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും സ്റ്റെന്റ് വാങ്ങി പാവപ്പെട്ട രോഗികൾക്ക് ആശ്വാസം നൽകുന്നതിന് നിർദ്ദേശം നൽകുമോ?

<u>ബാലാവകാശ കമ്മീഷന്റെ പ്രവർത്തനം</u>

*179. ശ്രീ.പി.കെ.ബഷീർ

,, മഞ്ഞളാംകുഴി അലി

,, വി.കെ.ഇബ്രാഹിം കുഞ്ഞ്

,, പി.കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ അവകാശ സംരക്ഷണക്കാര്യത്തിൽ സംസ്ഥാന ബാലാവകാശ കമ്മീഷന്റെ പ്രവർത്തനം കൊണ്ട് എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ അംഗങ്ങളെയും ഉൾപെടുത്തി കമ്മീഷൻ പൂർണ്ണമായ തോതിൽ ആയിട്ടുണ്ടോ; എങ്കിൽ തദനുസരണമായി കമ്മീഷന്റെ പ്രവർത്തനത്തിൽ മെച്ചമുണ്ടായിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ കുട്ടികൾ വിവിധതരത്തിലുള്ള പീഡനങ്ങൾക്കിരയാകുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിന്റെ കാരണങ്ങൾ പഠിച്ച് പരിഹാര നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ കമ്മീഷന്റെ സംഭാവന എത്രത്തോളമാണെന്ന് വിലയിരുത്തുമോ?

<u>സി. & എ.ജി.യുടെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം</u>

*180. ശ്രീ.ജോൺ ഫെർണാണ്ടസ്

,, ആർ. രാജേഷ്

,, എൻ. വിജയൻ പിള്ള

,, കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നെൽവയൽ നീർത്തട സംരക്ഷണ നിയമം ലംഘിച്ചുകൊണ്ട് മുൻ സർക്കാർ ഭൂമി രൂപമാറ്റം വരുത്താൻ നൽകിയ അനുമതി സംബന്ധിച്ച് സി. &എ.ജി.യുടെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം (2017 ലെ ഒന്നാം നമ്പർ റിപ്പോർട്ട്) മുൻ സർക്കാരിനെതിരെ ഉയർന്ന അഴിമതി ആരോപണം ശരിവയ്ക്കുന്നതാണോ; എങ്കിൽ ഇതിനെക്കുറിച്ച് വിശദമായ പരിശോധന നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഹരിപ്പാട് മെഡിക്കൽ കോളേജിനായി ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിലും കോട്ടയം നഗരത്തിലെ കോട്ടയം ഇടനാഴി പദ്ധതിക്കായും കോടിമത മൊബിലിറ്റി ഹബ് പദ്ധതിക്കായും ക്രമക്കേടിന് ഉത്തരവിട്ടത് മുൻ മുഖ്യമന്ത്രിയാണെന്ന് പേരെടുത്ത് പരാമർശം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ വിശദ പരിശോധന നടത്താൻ തയ്യാറാകുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, വി. കെ. ബാബുപ്രകാശ്,

തിരുവനന്തപുരം, സെക്രട്ടറി,

24-04-2017

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.